# ആമുഖം

കേരളത്തിലെ സ്ത്രീകളുടെ സാമൂഹ്യപദവിയെക്കുറിച്ചുള്ള പരിശോധനകൾ സാംഗത്യം നേടുന്നത് നിലവിലുള്ള സ്ത്രീ/പുരുഷ അസമത്വത്തിന്റെ വിശകലനത്തിൽ നിന്നാണ്. സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ പുരുഷാധീശനിർമിതികളെല്ലാം നിലനിൽക്കുന്നതും തുടർന്നുവരുന്നതും വ്യത്യസ്ത സാംസ്കാരിക സാഹചര്യങ്ങളിൽ നിർമ്മിക്കപ്പെടുന്ന മേലാള/കീഴാള, ഉച്ച/നീച ദ്വന്ദ്വങ്ങളിലൂടെയാണ്. ഈ ദ്വന്ദ്വങ്ങളാണ് സാംസ്കാരികവ്യവഹാരങ്ങളെ നിർണയിക്കുന്നതും അധീശാധികാരങ്ങളുടെ മാനദണ്ഡങ്ങളായിരിക്കുന്നതും. പുരുഷൻ മേലാളനും സ്ത്രീ കീഴാളയുമാകുന്ന ഉച്ച/നീച ദ്വന്ദ്വനിർമ്മിതി സവിശേഷസാമൂഹ്യവ്യവഹാരങ്ങളിലൂടെയാണ് രൂപപ്പെടുന്നത്. സാമൂഹ്യവ്യവഹാരങ്ങളുടെ സ്വഭാവം വിശകലനം ചെയ്യുന്നതിനുള്ള മുഖ്യ സ്രോതസ്സായി ആഖ്യാനങ്ങളെ ഉപയോഗപ്പെടുത്തുന്ന രീതി വളരെ പ്രധാനപ്പെട്ടതാണ്. മാധവിക്കുട്ടിയുടെ കഥകളിലെ സ്ത്രീലിംഗപദവീവ്യവഹാരങ്ങളെ മുൻനിർത്തി അവയുടെ സാംസ്കാരിക, സാമൂഹിക സ്വഭാവം വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധത്തിൽ.

കേരളത്തിലെ വ്യത്യസ്ത സാമൂഹികരൂപീകരണത്തിന്റെ സന്ദർഭങ്ങളെ ചരിത്രപരമായി വിശകലനം ചെയ്യുമ്പോൾ സ്ത്രീലിംഗപദവി എത്തരത്തിലാണ് ജാതി, മത, പുരുഷാധീശത്വത്തിന്റെ പിൻതുടർച്ചയിൽ അഭിസംബോധന ചെയ്യപ്പെട്ടതെന്ന പരിശോധനക്ക് വളരെ പ്രസക്തിയുണ്ട്. സ്ത്രീ/പുരുഷ കർതൃത്വത്തെ താത്വികമായി നിർവചിക്കേണ്ടിവരുന്ന സന്ദർഭത്തിൽ ജ്ഞാനോൽപാദന വിതരണത്തെയാകെ സ്വാധീനിക്കുന്ന അടിസ്ഥാനഘടകമായി ലിംഗപദവി പരിഗണിക്കേണ്ടിവരുന്നു. പുരുഷാധീശത്വ വ്യവഹാരങ്ങളെ അവയുടെ രാഷ്ട്രീയവും പ്രയോഗീകവുമായ അർഥങ്ങളിൽ വിശകലനം ചെയ്യുവാൻ സ്ത്രീവാദത്തിന്റെ രീതിശാസ്ത്രങ്ങളാണ് പ്രബന്ധത്തിൽ ഉപയോഗിക്കുന്നത്.

പുരുഷന്റെ സാംസ്കാരിക അധിനിവേശത്തിനുകീഴിൽ പുരുഷ നിർമിതമായ സൈദ്ധാന്തിക പ്രായോഗിക പദ്ധതികൾ ഉപയോഗപ്പെടുത്തിക്കൊണ്ട് സ്ത്രീസാമൂഹിക കർതൃത്വത്തെയും ലിംഗപദവിയെയും വിശകലനം ചെയ്യുവാൻ സാധ്യമല്ല. ഈ അർഥത്തിൽ സാമൂഹിക, സാംസ്കാരിക ചരിത്രത്തിൽ സ്ത്രീയുടേതായ ഇടം കണ്ടെത്തലും നിർമിതിയുമാണ് സ്ത്രീവാദം. നിലവിലിരിക്കുന്ന സാമൂഹ്യവ്യവസ്ഥയിലെ പുരുഷാധിപത്യ വ്യവഹാരങ്ങൾ സ്ത്രീക്കുമേൽ പ്രയോഗിക്കുന്ന സാംസ്കാരികാധികാരത്തിനെതിരെയുള്ള രാഷ്ട്രീയ പ്രതിരോധം കൂടിയാണ് വ്യാപകമായ അർഥത്തിൽ സ്ത്രീവാദം. ഈ അർഥത്തിൽ പുരുഷാധിപത്യത്തിന് വിധേയമായ സ്ത്രീത്വത്തിന്റെ വിമോചന പ്രത്യയശാസ്ത്ര ധർമ്മമാണ് സ്ത്രീവാദം നിർവഹിക്കുന്നത്.

കേരളത്തിന്റെ സാംസ്കാരികാവസ്ഥയിൽ പുരുഷലിംഗപദവി, സ്ത്രീക്കുമേലുള്ള കൈയേറ്റമായി സ്ഥാനപ്പെട്ടതിന്റെ സൂചനകളുൾക്കൊള്ളുന്ന ആഖ്യാനമാണ് മാധവിക്കുട്ടിയുടെ കൃതികൾ. സ്ത്രീസ്വത്വത്തിന് വിമോചനാത്മകഭാഷ്യം നൽകുകവഴി മാധവിക്കുട്ടിയുടെ ആവിഷ്കാരങ്ങൾ സ്ത്രീവാദം എന്ന സൈദ്ധാന്തികസമീപനത്തിന്റെ സാധ്യതകളെ വിപുലപ്പെടുത്തുകയാണ് ചെയ്തത്.

കർതൃത്വം എന്നത് നിലനിൽക്കുന്ന വ്യവഹാരത്തിന്റെ അധീശത്വ നിർണ്ണയനങ്ങളെ ഘടനാപരമായി നിർവചിക്കുന്ന സത്ത എന്ന നിലയിലാണ് ഈ പ്രബന്ധത്തിൽ വ്യവഹരിച്ചിരിക്കുന്നത്. നിലനിൽക്കുന്ന വ്യവഹാരം പുരുഷപക്ഷപരവും സവർണ്ണാധിഷ്ഠിതവുമായിരിക്കുമ്പോൾ ഭാഷയിലും ലിംഗപദവിയിലും മതത്തിലും ജാതിയിലും വർഗ്ഗത്തിലും വർണ്ണത്തിലും പാർശ്വവൽകൃതരായിരുന്നവർ വ്യവസ്ഥയുടെ എല്ലാ അധികാരങ്ങളേയും പുനർനിർവചിച്ചുകൊണ്ട് തങ്ങളുടെ സ്വത്വത്തെ സ്ഥാനപ്പെടുത്തുന്നത്. വ്യവസ്ഥാപിത നിർവചനങ്ങൾക്ക് വെളിയിലേക്ക് സ്വത്വത്തെ പുനഃസ്ഥാപിച്ചുകൊണ്ടാണ് പാർശ്വവൽകൃതർ തങ്ങളുടെ കർതൃത്വത്തെ നിർവചിക്കുന്നത്. അതായത് ചരിത്രപരമായി നോക്കുമ്പോൾ, ശരീ

രത്തെ അടിസ്ഥാനപ്പെടുത്തി പുരുഷാധീശത്വം എങ്ങനെ രണ്ടാം ലിംഗപദവിയായി സ്ത്രൈണതയെ തരംതാഴ്ത്തി എന്നതിനെക്കുറിച്ചന്വേഷിക്കുകയും പുരുഷന്റെ കാഴ്ചപ്പാടിലെ സ്ത്രീ എന്നതിനുപുറത്തുള്ള ഒരു വ്യക്തിസത്ത എന്ന നിലയിൽ സ്ത്രീകർതൃത്വത്തെ സൂചിപ്പിക്കുകയുമാണ് പ്രബന്ധം ചെയ്യുന്നത്.

ശരീരം ഒരു മർദ്ദകോപകരണമെന്ന നിലയിൽ ഉപയോഗിച്ചുകൊണ്ട് സ്ത്രീയെ എങ്ങനെ രണ്ടാം ലിംഗപദവിയാക്കിത്തീർക്കുന്നു എന്നും ശരീരത്തെ വിമോചക ഉപാധിയാക്കി സ്വീകരിച്ചുകൊണ്ട് സ്ത്രീ എങ്ങനെ തന്റെ ആവിഷ്കാരങ്ങളിലൂടെ നിലനില്ക്കുന്നവ്യവസ്ഥയിൽ ഇടപെടുന്നുവെന്നുമാണ് മാധവിക്കുട്ടിയുടെ കൃതികളെ മുൻനിർത്തി വിശദീകരിക്കുന്നത്. ഒരു സാമൂഹ്യജീവിയെന്ന നിലയിൽ ലൈംഗികതയിലടക്കം പങ്കാളിത്തപരമായ വ്യക്തിനിഷേധത്തിന് സ്ത്രീയെ സംബന്ധിച്ചിടത്തോളം പല കാലങ്ങളിലൂടെ തുടർന്നുപോരുന്ന മാതൃകകൾ നിലവിലുണ്ട്. അത്തരം മാതൃകാവൽക്കരണങ്ങളുടെ രാഷ്ട്രീയത്തെ തിരിച്ചറിഞ്ഞുകൊണ്ട് സമൂഹത്തിനകത്ത് സ്ത്രീയുടെ വ്യക്തി എന്നനിലയിലുള്ള ഇടത്തെ പലതലങ്ങളിലും പുനഃപരിശോധിക്കാൻ പ്രാപ്തിനൽകുന്നതാണ് മാധവിക്കുട്ടി പങ്കുവയ്ക്കുന്ന സ്ത്രീകേന്ദ്രിതമായ ഇടപെടലുകൾ.

മാധവിക്കുട്ടിയുടെ രചനകളെ സംബന്ധിച്ച് ചില പൂർവപഠനങ്ങൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. കേരളത്തിലെ ധൈഷണികസമൂഹത്തിനകത്തും പുറത്തും മാധവിക്കുട്ടിയുടെ കഥകളും നോവലുകളും ഓർമ്മക്കുറിപ്പുകളും ആത്മകഥാഖ്യാനങ്ങളും മലയാളത്തിലും ഇംഗ്ലീഷിലുമായി പഠനവിധേയമായിട്ടുണ്ട്.

'മാധവിക്കുട്ടിയുടെ ചെറുകഥകൾ സ്ത്രീവാദപരമായ ഒരു പഠനം' (1991) എന്ന മ്യൂസ്മേരി ജോർജിന്റെ എം.ഫിൽ പ്രബന്ധം മാധവിക്കുട്ടിയുടെ 25 ചെറുകഥകളെ പഠനവിധേയമാക്കുന്നു. ഈ പ്രബന്ധം മാധവിക്കുട്ടിയുടെ സ്ത്രീകഥാപാത്രങ്ങളെ മൂന്നു രീതിയിൽ വിലയിരുത്തുന്നു. നിയതവ്യവസ്ഥക

ളുമായി അനുരഞ്ജനത്തിനു ശ്രമിക്കുന്നവർ, അവയിൽ അമർഷം കൊള്ളുന്നവർ, അവയെ നിരസിക്കുന്നവർ എന്നിങ്ങനെയാണത്.'ആൺകോയ്മാവ്യവസ്ഥയുടെ മുഖ്യസ്ഥാപനമായ ഏകദാമ്പത്യം ഭൂമികയായി സ്വീകരിച്ചിരിക്കുന്ന അമർഷത്തിന്റെ കഥകൾ റാഡിക്കൽ ഫെമിനിസത്തിന്റെ സ്വഭാവം പ്രകടിപ്പിക്കുന്നു'എന്ന നിഗമനത്തിലാണ് പ്രബന്ധം എത്തിച്ചേരുന്നത്. മാധവിക്കുട്ടിയുടെ കൃതികളെക്കുറിച്ച് സ്ത്രീവാദസമീപനത്തിലൂന്നിയ ആദ്യകാല പഠനമെന്ന നിലയിൽ ശ്രദ്ധേയമാണ് ഈ പ്രബന്ധം.

ഗവേഷണപ്രബന്ധമെന്ന നിലയിൽ എം. രാജീവ്കുമാറിന്റെ 'മാധവിക്കുട്ടിയുടെ കഥകൾ ഒരു പഠനം' (1992) ഈ മേഖലയിൽ ലഭ്യമായിട്ടുള്ള മറ്റൊരു പ്രധാനരചനയാണ്. വിസ്തൃതമായ കഥാചരിത്രത്തിനകത്തുനിന്നുകൊണ്ട് മാധവിക്കുട്ടിയെ അടയാളപ്പെടുത്തുവാൻ ശ്രമിക്കുകയാണ് പ്രബന്ധം. ആദ്യ കാലകഥകളുടെ പ്രമേയപരമായ വൈവിധ്യം അന്വേഷിക്കുകയും അവയുടെ ഭാഷാ പരവും വർണ്ണനാപരവുമായ പ്രത്യേകതകളെ രേഖപ്പെടുത്തുകയുമാണ് 'മലയാള ചെറുകഥയുടെ പരിണാമം' എന്ന ആദ്യ അധ്യായത്തിൽ. ആദ്യകാല ചെറുകഥക ളുടെ പ്രമേയം, പ്രതിപാദനം എന്നിവ വിശദീകരിച്ച് ഇതിൽനിന്ന് മാധവിക്കുട്ടി യുടെ ആഖ്യാനത്തിലെ പ്രമേയങ്ങൾക്കുള്ള വ്യതിരിക്തതയെ അടയാളപ്പെടുത്താൻ ശ്രമിക്കുകയാണ് രാജീവ്കുമാർ. ചെറുകഥ എന്ന ആഖ്യാനരൂപത്തിന്റെ പ്രമേയ പരമായ പരിണാമത്തെ ഒരു നൂറ്റാണ്ടിന്റെ കാലവ്യതിയാനത്തിൽ വിപുലമായി അടയാളപ്പെടുത്തുന്നുണ്ട് ഈ പ്രബന്ധം.

കലാപപരമാണ് മാധവിക്കുട്ടിയുടെ കഥകൾ എന്ന് ഉപരിപ്ലവമായി നിരീ ക്ഷിക്കുന്ന 'മാധവിക്കുട്ടിയുടെ കഥകൾ ഒരു പഠനം' എന്ന പ്രബന്ധം ചെറുക ഥയെ അതിന്റെ സൗന്ദര്യാത്മകതലത്തിൽ മാത്രം ഒതുക്കിനിർത്തുന്ന പഠനരീതി യാണ് സ്വീകരിച്ചിരിക്കുന്നത്. കഥകളുടെ ആവിഷ്കാരതലത്തിലെ നാടകീയ

മുഹൂർത്തങ്ങളേയും ഭ്രമകൽപ്പനകളിലുള്ള സവിശേഷതകളേയുമാണ് പഠനം രേഖപ്പെടുത്തുന്നത്. ഇത്തരമൊരു ആഖ്യാനത്തിന് മാധവിക്കുട്ടിയുടെ വ്യക്തിജീവിതം എങ്ങനെ സഹായകമായി എന്നത് അനുബന്ധത്തിൽ സൂചിപ്പിക്കുന്നു.

'മാധവിക്കുട്ടിയുടെ കഥകളിലെ സ്ത്രീ കഥാപാത്രങ്ങൾ ഒരു പഠനം' (1998) എന്ന ലേഖ എസ്സിന്റെ പ്രബന്ധത്തിൽ മലയാള കഥാസാഹിത്യത്തിലെ സ്ത്രീ ചിത്രീകരണവും മാധവിക്കുട്ടിയുടെ കഥകളിലെ സ്ത്രീ കഥാപാത്രങ്ങളുമാണ് പ്രധാന പഠനവിഷയം.'കഥാപാത്ര വ്യക്തിത്വങ്ങളുടെ താരതമ്യവും കഥാകാരിയുടെ വ്യക്തിത്വവും' എന്ന ഭാഗത്ത് മലയാളചെറുകഥയിൽ ഒരു മിത്താണ് മാധവിക്കുട്ടിയെന്നു സ്ഥാപിക്കുന്ന പഠനം കഥകളെ പഠിക്കുന്നതിലുപരി കഥാകാരിയിൽ അമിതമായി ഊന്നുന്നതായാണ് കാണുന്നത്. മാധവിക്കുട്ടിയുടെ സവിശേഷമായ സാമൂഹിക, കുടുംബ, വ്യക്തി ജീവിത പശ്ചാത്തലങ്ങളെക്കുറിച്ച് വിശദീകരിക്കുന്ന അനുബന്ധം ഈ നിഗമനത്തെ ബലപ്പെടുത്തുന്നു.

സോണിയ ഇ. പ. യുടെ 'ജീവിതത്തിന്റെ സ്ത്രീവായന' (2000)എന്ന 'എന്റെ കഥ'യെ മുൻനിർത്തിയുള്ള ആത്മകഥാപഠനം, കളർകോട് വാസുദേവൻ നായരുടെ 'തരിശുനിലത്തിന്റെ കഥകൾ' (1974) എന്നിവയാണ് മാധവിക്കുട്ടിയുടെ കൃതികളെ കേന്ദ്രീകരിച്ച് ഉണ്ടായിട്ടുള്ള പുസ്തകങ്ങൾ.

ലേഖനസമാഹാരമായി ഇ വി രാമകൃഷ്ണൻ എഡിറ്റു ചെയ്ത 'സ്ത്രീ സ്വത്വം സമൂഹം: മാധവിക്കുട്ടി പഠനങ്ങൾ' മലയാളത്തിൽ നിലവിലുള്ള പ്രധാനപ്പെട്ട ഗ്രന്ഥമാണ്. ഇ. വി. രാമകൃഷ്ണന്റെ 'എഴുത്ത് സ്ത്രീ സമൂഹം: ആത്മനിഷ്ഠതയുടെ നിഹിതാർത്ഥങ്ങൾ മാധവിക്കുട്ടിയുടെ കഥകളിൽ', പി. പി. രവീന്ദ്രന്റെ 'കിരാതത്വത്തിന്റെ സുവർണ്ണരേഖകൾ' സച്ചിദാനന്ദന്റെ 'ശരീരത്തിനപ്പുറം: സ്ത്രീത്വവും കവിത്വവും കമലാദാസിന്റെ രചനകളിൽ', ഉദയകുമാറിന്റെ 'സ്മരണ

ആഖ്യാനം സ്ത്രീ: വർഷങ്ങൾക്കു മുമ്പിനെ ആസ്പദമാക്കി ചില ചിന്തകൾ' എന്നിവ മാധവിക്കുട്ടിയുടെ രചനകളിലെ സ്ത്രീത്വത്തെക്കുറിച്ച് വിമർശനാത്മക മായും സൈദ്ധാന്തികമായും വിശകലനം ചെയ്യുന്ന ലേഖനങ്ങളാണ്.

'മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരി കമലാ സുരയ്യയെ വർഗ്ഗീയവാദികൾ വേട്ടയാടിയപ്പോൾ അതിനെതിരെ ചെറുത്തുനില്പ് രേഖപ്പെടു ത്തുന്നു' എന്ന മുഖവുരയോടെ കെ. സി. ശൈജൽ എഡിറ്റു ചെയ്ത പുസ്തകമാണ് 'സാംസ്കാരികഫാസിസം ഒരു പ്രതിരോധം'. സമകാലിക ഇന്ത്യൻ -കേരളീയ പശ്ചാത്തലത്തിൽ ഒരു എഴുത്തുകാരിയെ ഫാസിസ്റ്റ്-മതവിരുദ്ധ സ്വത്വം എന്ന നിലയിൽ അടയാളപ്പെടുത്തുകയാണ് ഈ പുസ്തകം. കമലാസുരയ്യയായി മാറിയ മാധവിക്കുട്ടിക്ക് എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചപ്പോൾ അതേ തുടർന്ന് ഭാരതീയ വിചാരകേന്ദ്രവും സാംസ്കാരിക കേരളവും മുന്നോട്ട് വച്ച ചിന്തകളാണ് ഈ പുസ്തകം പങ്കുവയ്ക്കുന്നത്. സുകുമാർ അഴീക്കോട്, എം. എൻ. വിജയൻ, പി. ഗോവിന്ദപ്പിള്ള, സക്കറിയ, കെ. പി. മോഹനൻ, എം. എൻ. കാരശ്ശേരി, രവീന്ദ്രൻ, സാറാ ജോസഫ്, ഓ. കെ. ജോണി, എ. വി. അനിൽ കുമാർ, എ. പി. കുഞ്ഞാമു, വി. എസ്. അനിൽ കുമാർ, വി. എം. ഗിരിജ, സി. എസ്. ചന്ദ്രിക എന്നിവരുടെ ലേഖനങ്ങളാണ് ഈ പുസ്തകത്തിലുള്ളത്.

ഗീതയുടെ 'കണ്ണാടികൾ ഉടയ്ക്കുന്നതെന്തിന് ' എന്ന കൃതിയിലെ 'പെണ്മയുടെ ചിറകടിയൊച്ചകൾ ', 'ദേവദൂതികൾ മാഞ്ഞുപോവത് 'എന്ന കൃതിയിലെ 'പെണ്ണെഴുതുമ്പോൾ: വ്യക്തി- സമൂഹം ഇടപെടലുകൾ' എന്നീ ലേഖന ങ്ങൾ മാധവിക്കുട്ടിയുടെ കൃതികളെക്കുറിച്ചുള്ള പഠനത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നവയായതുകൊണ്ട് പൂർവ്വപഠനങ്ങൾ എന്ന നിലയിൽ എടുത്തു പറയേണ്ടവയാണ്.

'സ്ത്രീത്വം മാധവിക്കുട്ടിയുടെ കൃതികളിൽ' എന്ന ഈ പ്രബന്ധം കേരളത്തിന്റെ സാംസ്കാരികവ്യവഹാരങ്ങളിലെ സ്ത്രീകർതൃത്വവും ലിംഗപദവിനിർണ്ണയനങ്ങളിലെ രാഷ്ട്രീയവും എങ്ങനെ എഴുത്തിൽ പ്രകടമാകുന്നുവെന്നാണ് അപഗ്രഥിക്കുന്നത്. സ്ത്രീസ്വത്വത്തിന്റെ വിമോചനാത്മകത പ്രകടമാക്കുന്ന മാധവിക്കുട്ടിയുടെ കഥകളും 'എന്റെ കഥ' എന്ന കൃതിയുമാണ് ഇവിടെ ആധാരമാക്കിയിരിക്കുന്നത്. അതിനുവേണ്ടി സ്ത്രീവാദചിന്തകളെ വിമർശനാത്മകമായി വിലയിരുത്തുകയും അതിന്റെ വെളിച്ചത്തിൽ സ്ത്രീത്വം എങ്ങിനെ ചരിത്രപരവും സാമൂഹികവുമായി നിർമ്മിക്കപ്പെടുന്നുവെന്ന് അന്വേഷിക്കുകയുമാണ് പ്രബന്ധം ചെയ്യുന്നത്.

മാധവിക്കുട്ടിയുടെ രചനകളിലെ സ്ത്രൈണകർതൃത്വത്തെ സ്ത്രീവാദചിന്തകളുടെയും കേരളത്തിന്റെ സാംസ്കാരിക സന്ദർഭത്തിന്റെ രാഷ്ട്രീയവിവക്ഷകളുടെയും വെളിച്ചത്തിൽ പരിശോധിക്കുന്നു എന്നതാണ് 'സ്ത്രീത്വം മാധവിക്കുട്ടിയുടെ കൃതികളിൽ' എന്ന ഈ പ്രബന്ധത്തിന്റെ പ്രസക്തി. മററു പഠനങ്ങളിൽനിന്നു വ്യത്യസ്തമായി കേരളത്തിലെ സാമൂഹികവ്യവസ്ഥിതിയിലെ സ്ത്രീകളുടെ സാംസ്കാരികാവസ്ഥയെ ചരിത്രപരമായി പുനർവിശകലനം ചെയ്യുകയാണ് 'സ്ത്രീലിംഗപദവിയും കേരളസാമൂഹികനിർമ്മിതിയും' എന്ന ഒന്നാമത്തെ അധ്യായത്തിൽ ചെയ്യുന്നത്. സാമൂഹികരൂപീകരണപ്രക്രിയയുടെ വിവിധ ഘട്ടങ്ങളിൽ സവർണ - പുരുഷ വ്യവസ്ഥക്കകത്ത് സ്ത്രീത്വവും ലിംഗപദവിയും എത്തരത്തിലാണ് നിർണയിക്കപ്പെട്ടതെന്ന് ഇവിടെ ചർച്ച ചെയ്യുന്നു. മാധവിക്കുട്ടിയുടെ കൃതികളിലെ സാംസ്കാരിക, രാഷ്ട്രീയ വിവക്ഷകളെ വിലയിരുത്തേണ്ടത് ഇത്തരമൊരു സാമൂഹിക സന്ദർഭത്തിൽ വച്ചാണെന്ന് ഈ അധ്യായത്തിൽ സമർഥിക്കുന്നു.

ആൺ/പെൺ അധികാരഘടന ഉള്ളടങ്ങുന്ന സ്ഥാപനമായി ഭാഷ പ്രവർത്തിക്കുന്നതെങ്ങനെയെന്നന്വേഷിക്കുകയും ഈ അർഥത്തിൽ സാമൂഹികശാസ്ത്രവുമായി ബന്ധപ്പെട്ട് പെണ്ണെഴുത്തിനെ സ്ത്രീവാദത്തിന്റെ സൈദ്ധാന്തിക പഠനമാതൃകകൾ ഉപയോഗിച്ച് വിശദീകരിക്കുകയുമാണ് 'ഭാഷ, എഴുത്ത്, സമൂഹം: മാധവിക്കുട്ടിയുടെ എഴുത്തിലെ സ്ത്രൈണസ്വത്വത്തിന്റെ രാഷ്ട്രീയം' എന്ന അടുത്ത അധ്യായത്തിൽ. മാധവിക്കുട്ടിയുടെ കഥകളെയും 'എന്റെ കഥ'യെയും മുൻനിർത്തി സ്ത്രൈണസ്വത്വാവിഷ്കാരമെന്ന നിലയിൽ അവയിലെ ലിംഗപദവീവിനിമയങ്ങളുടെ സൂക്ഷ്മ രാഷ്ട്രീയ സൂചനകളെ വിശദമായി പരിശോധിക്കുകയാണ് ഇവിടെ ചെയ്യുന്നത്.

പെണ്ണെഴുത്തിന്റെ നിലപാടുകൾ ലിംഗപദവീ അധികാര ബന്ധങ്ങളെ എങ്ങനെ സമീപിക്കുന്നുവെന്ന് 'കുടുംബം, ലൈംഗികത, ലിംഗപദവി: പ്രശ്നവത്കരിക്കപ്പെടുന്ന സ്ത്രൈണ ഇടങ്ങൾ' എന്ന അധ്യായത്തിൽ പഠിക്കുന്നു. അതായത് പുരുഷാധിപത്യ സദാചാരസ്ഥാപനമായ കുടുംബ ത്തിനുള്ളിൽ നിലനിന്നു പോകുന്ന, സ്ത്രീത്വത്തെ പ്രശ്നവത്കരിക്കുന്ന ആഖ്യാനങ്ങൾ പിതൃധികാരത്തെ ഏതർഥത്തിലെല്ലാം തള്ളിക്കളയുന്നുവെന്നാണ് ഈ അധ്യായം വിശകലനം ചെയ്യുന്നത്. കുടുംബം, നിയമം, സദാചാരം തുടങ്ങിയ സാമൂഹിക സ്ഥാപനങ്ങൾക്കകത്ത് സ്ത്രൈണത എത്തരത്തിൽ വ്യവഹരിക്കപ്പെടുന്നുവെന്നാണ് ഇവിടെ പഠിക്കാൻ ശ്രമിച്ചിട്ടുള്ളത്. ഇതോടൊപ്പംതന്നെ അവബോധപരമായി പുരുഷാധിപത്യമൂല്യങ്ങളെ പിൻതുടരുന്ന ചില കഥകളെക്കൂടി മൂന്നാമത്തെ അധ്യായത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. മതം, ലിംഗപദവി, അധികാരം എന്നീ വ്യവഹാരങ്ങളെല്ലാം മനോഭാവപരമായിഎങ്ങനെ പുനരുത്പാദിപ്പിക്കപ്പെടുന്നുവെന്ന് ഈ കഥകൾ വ്യക്തമാക്കുന്നു.

പുരുഷാധികാരവ്യവസ്ഥ നിർമിച്ച എല്ലാത്തരം കർതൃത്വങ്ങളെയും പൊളിച്ചെഴുതുന്നു എന്നതുകൊണ്ടാണ് വിമതലൈംഗികത സ്ത്രീവാദചർച്ച

കൾക്കകത്ത് ഇടം പിടിക്കുന്നത്. സ്ത്രീവാദത്തിന്റെ സവിശേഷമായ സൈദ്ധാന്തിക പശ്ചാത്തലത്തിൽ വിമതലൈംഗികതയുടെ വ്യത്യസ്തമായ പ്രതിനിധാനസ്വഭാവം ചർച്ച ചെയ്യുന്ന 'മാധവിക്കുട്ടിയുടെ കൃതികളിലെ വിമത ലൈംഗികതാവിഷ്ക്കാരം' എന്ന അധ്യായത്തിൽ ഇതിനായി മാധവിക്കുട്ടിയുടെ കൃതികളെ പരിശോധിക്കുന്നു.

നാല് അധ്യായങ്ങളിലായി ചർച്ച ചെയ്ത വസ്തുതകളെ ക്രോഡീകരിക്കുകയാണ് ഉപസംഹാരത്തിൽ ചെയ്യുന്നത്. സ്ത്രീപ്രതിനിധാനത്തിന്റേയും ലിംഗ പദവീവ്യവഹാരങ്ങളുടേയും സാമ്പ്രദായികസമീപനങ്ങളെ തിരിച്ചറിയുമ്പോഴാണ് കേരളത്തിന്റെ സാംസ്കാരികസന്ദർഭത്തിൽ സ്ത്രീവാദ എഴുത്തിന്റെ പ്രാധാന്യം ബോധ്യമാകുന്നത്. ഇത്തരം ഒരു തിരിച്ചറിവിലൂന്നിനിന്നുകൊണ്ട് മാധവിക്കുട്ടിയുടെ കൃതികളെ പഠിക്കാൻ ശ്രമിക്കുമ്പോൾ അവ ചരിത്രപരമായി സ്ത്രൈണസ്വത്വത്തെ അടയാളപ്പെടുത്തുന്നതെങ്ങനെയെന്ന് കണ്ടെത്താനാകും. പ്രബന്ധത്തെ മുൻനിർത്തി ഇത്തരം വസ്തുതകളാണ് ഉപസംഹാരത്തിൽ പങ്കുവയ്ക്കുന്നത്.